**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 998** **18-09-2025 - ൽ മറുപടിയ്ക്ക്**

**നവകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനത്തിനകത്ത് താമസിക്കുന്ന ഗോത്ര സമൂഹത്തിൽപ്പെട്ടവരെ മാറ്റി താമസിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന നവകിരണം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ഗോത്രവർഗ്ഗസമൂഹത്തിൽ ഉൾപ്പെട്ടവർക്കായി നടപ്പിലാക്കി വരുന്ന പദ്ധതി അല്ല. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ മനുഷ്യവാസ മേഖലകളിൽ നിന്നും സ്വയം സന്നദ്ധമായി ആദിവാസി ഇതര വിഭാഗത്തിൽ വരുന്നവരുടെ പുനരധിവാസത്തിനായുള്ള പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. വനം വകുപ്പിന്റെ നേതൃത്വത്തിൽ ആർ.കെ.ഡി.പി., കിഫ്ബി എന്നിവയുടെ സാമ്പത്തിക സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതുവരെ എത്ര കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും അതുവഴി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | 1039 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി 1039 അർഹതകുടുംബങ്ങളിൽ, 802 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 237 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്. വസ്തു രജിസ്ട്രേഷൻ കഴിയുന്ന മുറയ്ക്ക് തുക പൂർണ്ണമായും നൽകാൻ കഴിയുന്നതാണ്. ഇപ്രകാരം നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ 138.075 കോടി രൂപ (റീബിൽഡ് കേരള ഡെവപല്മെന്റ് പദ്ധതി മുഖേനെ 95.25 കോടിയും, കിഫ്ബി പദ്ധതി മുഖേനെ 42.825 കോടിയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. ഇതുവഴി 207.4632 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ